# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6050 04/11/2016-ൽ മറുപടിയ്ക്ക്**

**ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്താലുള്ള ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.ഐ.ബി. സതീഷ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽപ്പെടുത്തി 2016-17 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് 100 കോടി രൂപയുടെ സമഗ്രഭവന പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതം ധനസഹായമായി നൽകുന്നു. കൂടാതെ ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി 2-3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നതാണ്.<br><br>ഫിഷറീസ് കോളനി നവീകരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത ഫിഷർമെൻ കോളനികളിൽ 250 ഭവനങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ബ്ലൂറവല്യൂഷനിൽ (Blue Revolution) ഉൾപ്പെടുത്തി ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി പ്രകാരവും ഭവന നിർമ്മാണ പദ്ധതിയ്ക്കുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| ബി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്താലുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം ഒരു വീടിന് എത്ര രൂപയാണ് കേന്ദ്ര സർക്കാർ നൽകുന്നത്; | ബി) 50% കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം (2016-17) സാമ്പത്തിക വർഷത്തിൽ ഒരു ഭവനത്തിന് 1,20,000/- രൂപയാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ 50% ആയ 60,000/- രൂപ കേന്ദ്ര വിഹിതമായി ലഭിക്കും. |

| | |
|---|---|
| സി) ഈ പദ്ധതി പ്രകാരം സംസ്ഥാന വിഹിതമായി എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | സി) 2012-13 മുതൽ ഫിഷറീസ് വകുപ്പ് ഭവന നിർമ്മാണ ധനസഹായമായി 2 ലക്ഷം രൂപ വീതമാണ് മത്സ്യത്തൊഴിലാളികൾക്ക് അനുവദിയ്ക്കുന്നത്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി പ്രകാരം 50% ആയ 60,000/- രൂപ സംസ്ഥാന വിഹിതമായി നൽകുന്നതിന് പുറമെ 80,000/- രൂപ കൂടി അധിക ധനസഹായമായി അനുവദിച്ച് ആകെ 1,40,000/- രൂപ സംസ്ഥാന വിഹിതമായി നൽകി വരുന്നു. |
| ഡി) ഇതിനായി എത്ര രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതിയ്ക്കായി 2016-17 സാമ്പത്തിക വർഷം 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ